## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതി - ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1491

21.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>" ഷാഫി പറമ്പിൽ<br>" ലൂഡി ലൂയിസ്<br>" ഐ. സി. ബാലകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് 923 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്ക്പഞ്ചായത്തുകളിലും തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ വകുപ്പ് 3(3) പ്രകാരം തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ആഴ്ചതോറും വിതരണം ചെയ്യേണ്ടതും, അത് യാതൊരു കാരണവശാലും പ്രവൃത്തിചെയ്ത് രണ്ടാഴ്ചയിലധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെയും ബാങ്കിലെയും നടപടിക്രമങ്ങൾ മൂലം തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി യഥാസമയം ലഭിക്കുന്നതിന് 15 മുതൽ 25 ദിവസം വരെ കാലതാമസം നേരിടുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനാണ് ഇ-എഫ്.എം.എസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇ-എഫ്.എം.എസ് മുഖേന തൊഴിലാളികളുടെ വേതനവും സാധനസാമഗ്രികളുടെ വിലയും ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് |

| | | | |
|---|---|---|---|
| | | | നേരിട്ട് നൽകുകയും വഴി ധനവിനിയോഗത്തിൽ കൃത്യതയും സുരക്ഷയും സുതാര്യതയും ഉറപ്പാക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ തൊഴിലാളികൾക്ക് അക്കൗണ്ട് ഉള്ള ബാങ്കുകളിലേയ്ക്ക് വേതനം നേരിട്ട് നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി നിർണ്ണയിക്കുന്നത് വേജ് ലിസ്റ്റു പ്രകാരമാണ്. ഇ-എഫ്.എം.എസ് പദ്ധതിയിൽ വേജ് ലിസ്റ്റ് ഇലക്ട്രോണിക് ആയി എം.ഐ.എസിൽ തയ്യാറാക്കി അതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഡിജിറ്റലായി ഒപ്പ് രേഖപ്പെടുത്തുന്നു. ഒപ്പ് രേഖപ്പെടുത്തിയ വേജ് ലിസ്റ്റുകൾ തുടർന്ന് ഫണ്ട് ട്രാൻസ്ഫർ ഓർഡറുകളായി ഈ ആവശ്യത്തിലേക്ക് നിശ്ചയിച്ചിട്ടുള്ള നോഡൽ ബാങ്കിലേക്ക് (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ) ഇലക്ട്രോണിക് ആയി അയച്ച് കൊടുക്കുന്നു. നോഡൽ ബാങ്കിന് ലഭിക്കുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ പരിശോധിച്ച് 24 മണിക്കൂറിനുള്ളിൽ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് തുക വരവ് വയ്ക്കുന്നതാണ്. |
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (ഡി) | ഇ-എഫ്.എം.എസ് നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോടൊപ്പം വാണിജ്യ ബാങ്കുകളും പോസ്റ്റോഫീസും സഹകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ